ഡോ. എം. കെ. മുനീർ: സർ, നമ്മുടെ സഹപ്രവർത്തകനായ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്ക് കെ.എസ്.യു. മീറ്റിംഗിനിടെ പോലീസ് അതിക്രമത്തിൽ തലയ്ക്ക് പരിക്കുപറ്റി ചോരവന്നിട്ടും ആശുപത്രിയിൽപോലും കൊണ്ടുപോകാതെ നിൽക്കുകയാണ്....(ബഹളം)... അങ്ങയുടെകൂടി സംരക്ഷണം ലഭിക്കേണ്ട ഒരാളാണ് അദ്ദേഹം.

മി. സ്പീക്കർ: അദ്ദേഹം എവിടെയാണുള്ളത്? ......(ബഹളം)..... ബഹുമാന്യനായ ഡോ. എം. കെ. മുനീർ സംസാരിക്കട്ടെ, അങ്ങ് ആവശ്യപ്പെടുന്നത് എന്താണെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മറുപടി പറയും. ...(ബഹളം)... നിങ്ങൾ ക്ഷമിക്കൂ... അദ്ദേഹം പറയട്ടെ, അതിൽ ഗവൺമെന്റ് നടപടിയുണ്ടാകും.

ഡോ. എം. കെ. മുനീർ: സർ, അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ഈ വിഷയത്തിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കും. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മന്ത്രി സംസാരിക്കും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ.

ബാലൻ): സർ, വിഷയമെന്താണെന്ന് മനസ്സിലായിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പരിശോധിച്ച് കർശന നടപടി അതിന്റെ ഭാഗമായുണ്ടാകും. .....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. ഇപ്പോൾ അതല്ലേ പറയാൻ പറ്റൂ. ഇക്കാര്യത്തിൽ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കുമെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. ടി. തോമസ്: ഇന്ന് കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് കെ.എം. അഭിജിത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ സർവ്വകലാശാലകളിലെ മാർക്ക് തട്ടിപ്പിനെതിരെയും പി.എസ്.സി. പരീക്ഷയിലെ ക്രമക്കേടുകൾക്കെതിരെയും വാളയാർ സഹോദരിമാരുടെ ദാരുണമായ സംഭവത്തിലും പ്രതിഷേധിച്ച് നിയമസഭാ മാർച്ചുണ്ടായിരുന്നു. ആ മാർച്ച് എളിയവനായ ഞാനാണ് ഉദ്ഘാടനം ചെയ്തത്. ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. കെ. എസ്. ശബരീനാഥൻ എന്നീ യുവ എം.എൽ.എ.മാർ ആ പരിപാടിയിൽ പങ്കെടുത്തിരുന്നു. അവിടെ പ്രസംഗിച്ചശേഷം മടങ്ങാൻ തുടങ്ങുന്ന ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ പോലീസ് ക്രൂരമായി മർദ്ദിച്ചു. അദ്ദേഹത്തിന്റെ തല പൊട്ടിയിട്ടുണ്ട്. കെ. എം. അഭിജിത്തിന്

ഗുരുതരമായ പരിക്കേറ്റിട്ടുണ്ട്. എന്നിട്ടും അവരെ നന്ദാവനം പോലീസ് ക്യാമ്പിലേയ്ക്കാണ് കൊണ്ടുപോയത്. ഒരു എ.എൽ.എ.യ്ക്ക് മർദ്ദനമേറ്റാൽ നന്ദാവനം പോലീസ് ക്യാമ്പിലേയ്ക്കാണോ കൊണ്ടുപോകേണ്ടത്?

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. ഗവൺമെന്റിന്റെ അഭിപ്രായം മന്ത്രി വ്യക്തമാക്കിയല്ലോ, ഗവൺമെന്റ് അന്വേഷിച്ച് ആവശ്യമായ ശക്തമായ നടപടി സ്വീകരിക്കും. അതിനുള്ള നിർദ്ദേശം പോയിക്കഴിഞ്ഞു. ....(ബഹളം)... സഭ നടക്കട്ടെ...... ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കാര്യങ്ങൾ സൂചിപ്പിച്ചു, വളരെ പോസിറ്റീവായി ഗവൺമെന്റിനുവേണ്ടി മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു....

ഡോ. എം. കെ. മുനീർ: സർ, ചെയർതന്നെ ഇടപെട്ട് പരിക്കേറ്റ എം.എൽ.എ.-യെ ഉടനെ ആശുപത്രിയിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഞങ്ങളുടെ സഹപ്രവർത്തകനുണ്ടായ ഈ സംഭവത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ സഭവിട്ട് പുറത്തുപോയി.)